## കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

### സർക്കുലർ നമ്പർ-15 /2020-2021

എഫ്1-16692/19 തീയതി -07 .08.2020

വിഷയം- പുനഃനിക്ഷേപാനുപാതം സംബന്ധിച്ച്.

സൂചന- 1) കോഴിക്കോട് ജില്ലാ കമ്മിറ്റി ചെയർമാന്റെ 20/01/2020 തീയതിയിലെ എ 1-2526/2011 നമ്പർ കത്ത്.

2) 28/07/2020 തീയതിൽ ചേർന്ന 511-മത് ബോർഡ് യോഗത്തിന്റെ തീരുമാനം നമ്പർ -9.

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന്റെ കീഴിലുള്ള ജില്ലാ കമ്മിറ്റി/ഉപകാര്യാലയങ്ങളിലെ സ്ഥിരനിക്ഷേപം 40 ശതമാനം ഷെഡ്യൂൾഡ് ബാങ്ക്, 30 ശതമാനം ദേശസാൽകൃത ബാങ്ക്, 30 ശതമാനം ജില്ലാ സഹകരണ ബാങ്ക്, എന്ന അനുപാതത്തിലാണ് നിക്ഷേപിക്കുന്നത്. സർക്കാർ നിർദ്ദേശത്തിനനുസരിച്ച് സംസ്ഥാന വ്യാപകമായി റ്റി.ബി.പി.എഫ്. സ്ഥിരനിക്ഷേപത്തിന്റെ 50 ശതമാനം ട്രഷറിയിലേയ്ക്ക് മാറ്റി നിക്ഷേപിച്ചിരുന്നു. നിലവിൽ കോഴിക്കോട് ജില്ലാകമ്മിറ്റിയിലെ ടി.ബി.പി.എഫ്. സ്ഥിരനിക്ഷേപത്തിന്റെ 50 ശതമാനം മാറ്റിയപ്പോൾ അനുപാതത്തിൽ വ്യത്യാസം വന്നുവെന്നും നിലവിൽ കോഴിക്കോട് ജില്ലാ കാര്യാലയം, ഉപകാര്യാലയങ്ങളിൽ സ്ഥിരനിക്ഷേപങ്ങളുടെ 50 ശതമാനം ട്രഷറി നിക്ഷേപം ആയതിനാൽ പുതിയ നിക്ഷേപ അനുപാതം നൽകണമെന്ന് നൽകിയ അപേക്ഷ , മേൽ സൂചന ബോർഡ് യോഗം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധം എല്ലാ ജില്ലാ കമ്മിറ്റി/ ഉപകാര്യാലയങ്ങളും തുടർന്ന് സ്ഥിര നിക്ഷേപങ്ങൾ പുനഃക്രമീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

20 ശതമാനം ഷെഡ്യൂൾഡ് ബാങ്ക്, 15 ശതമാനം ദേശസാൽകൃത ബാങ്ക് 15 ശതമാനം ജില്ലാ സഹകരണ ബാങ്ക്, 50 ശതമാനം ട്രഷറി എന്ന രീതിയിൽ സ്ഥിരനിക്ഷേപങ്ങൾ പുനഃക്രമീകരിക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (ഇൻചാർജ്ജ്)

സ്വീകർത്താവ്

എല്ലാ ജില്ലാ കമ്മിറ്റി ചെയർമാന്മാർക്കും / പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാനും

(എല്ലാ ഉപകാര്യാലയങ്ങളിലേയ്ക്കും സർക്കുലർ സഹിതം വിവരം അറിയിക്കുന്നതിന് വേണ്ട നടപടികൾ അതത് ജില്ലാ കമ്മിറ്റി ചെയർമാൻമാർ സ്വീകരിക്കേണ്ടതാണ്.)

പകർപ്പ്

ഫിനാൻസ് ഓഫീസർ/സെക്രട്ടറി<br>
കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം<br>
അക്കൗണ്ട്സ് ഓഫീസർ (പി&എ), (ഡബ്ല്യു&ഇ)<br>
ജൂനിയർ സൂപ്രണ്ട് (ക്യാഷ് വിഭാഗം)<br>
ബിൽ/സ്റ്റോക്ക്/ഓഫീസ് കോപ്പി

// ഉത്തരവിൻ പ്രകാരം //

Jayaprakash

ജൂനിയർ സൂപ്രണ്ട്